# ജാതിവിവേചനത്തിന്റെ വേരറുത്ത ചരിത്രസന്ധികൾ

- ഡോ. ഇ. ബാനർജി

ജാതിരഹിത സമൂഹം സൃഷ്ടിക്കുമ്പോൾ മാത്രമാണ് മനുഷ്യനെന്ന പേരിന് അർഹനാവുക എന്ന് ചില ചരിത്രസന്ധികൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഔപചാരികവും നിയമപരവുമായി രാജ്യം ജാതിയെ നിരാകരിക്കുകയും അയിത്തം കുറ്റകരമായി പരിഗണിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ സാമൂഹികവും ആശയ ശാസ്ത്രപരമവുമായി പല വിധത്തിലും അതു തുടരുന്നത് കാണാം. ഉന്നത വിദ്യാഭ്യാസം നേടിയ ജ്ഞാനികളായ സവർണ്ണർ തൊഴിൽ മേഖലകളിലും അധ്യാപനത്തിലും തലപ്പത്തിരിക്കുമ്പോൾ കാമ്പസുകളിലും വിഗദ്ധ തൊഴിലിടങ്ങളിലും താഴ്ന്ന ജാതിയിൽ പിറന്നവരെ പുലരാൻ അനുവദിക്കാത്ത ഒരു സാഹചര്യമാണ് ഇപ്പോഴും നിലനിൽക്കുന്നത്. കാമ്പസുകളിൽ ദളിത് വിദ്യാർത്ഥികളെ വിലകുറച്ച് കണ്ട്, ബുദ്ധികെട്ടവരെന്നും ഉറക്കം തൂങ്ങികളെന്നും ഇകഴ്ത്തി, ആത്മവിശ്വാസം കെടുത്തി കുലത്തൊഴിലുകളിലേക്കും മരണത്തിലേക്കും ഓടിച്ചു വിടുന്ന കാഴ്ച വേദനാജനകമാണ്. സാമൂഹിക പ്രസ്ഥാനങ്ങളിലൂടെ ജാതിയുടെ വേരറുക്കാൻ പ്രയത്നിച്ച ചരിത്ര പുരുഷ•ാരുടെ പ്രവൃത്തികളെ നിസ്തേജമാക്കുകയാണ് സാക്ഷരരായ സാംസ്കാരിക സമൂഹം. കേരളീയ നവോത്ഥാനാനുഭവങ്ങളിൽ അഭിമാനിക്കാനാവാത്ത വിധം ജാതിവിവേചനം ശക്തമായി തുടരുന്നത് സാക്ഷര കേരളത്തെ ലജ്ജിപ്പിക്കേണ്ടതാണ്.

പന്തിഭോജനം

ജാതിചിന്തയെ മനസ്സിനുള്ളിൽ നിന്നു പുറത്താക്കുന്ന ഉൽബുദ്ധതയൊന്നും മലയാളി സമൂഹം ഇന്നും നേടിയിട്ടില്ലെന്ന് സമകാലിക സംഭവങ്ങൾ തെളിവു നൽകുന്നു. ജാതിബോധത്തിന്റെ കാര്യത്തിൽ ചരിത്രത്തിന്റെ പിന്നിലേക്ക് കുതിച്ചുപോകാൻ യാതൊരു മടിയുമില്ല. അതുകൊണ്ടാണ് ജാതിവിവേചനത്തിന്റെ വേരറുത്ത ചരിത്രസന്ധികൾ അതിന്റെ വിപരീതാർത്ഥത്തിൽ തിരിച്ചുവരുന്നത്. സഹോദരൻ അയ്യപ്പൻ 1917 മെയ് 29–ാം തീയതി ചെറായിയിലെ തന്റെ വീട്ടുമുറ്റത്തു നടത്തിയ മിശ്രഭോജനം കേരളീയ നവോത്ഥാന ചരിത്രമായാണ് രേഖപ്പെടുത്തിയത്. 'പുലയൻ അയ്യപ്പൻ' എന്നു വിളിച്ച് സ്വസമുദായം അദ്ദേഹത്തിനു ഭ്രഷ്ടു കൽപ്പിച്ചെങ്കിലും ദളിത് സമുദായങ്ങൾക്ക് അതു നൽകിയ ആത്മവിശ്വാസം വളരെ വലുതായിരുന്നു. സാമൂഹ്യ ചരിത്രത്തിലും നവോത്ഥാന ചിന്ത വിപ്ലവകരമായി ഉറപ്പിക്കാൻ പ്രസ്തുത സംഭവത്തിനു കഴിയുകയും ചെയ്തു. എന്നാൽ 'പന്തിഭോജന'ത്തിന് ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ ചരിത്രം കരുത്തോടെ തിരിച്ചെത്തുന്ന യാഥാർത്ഥ്യത്തെ കാണാതിരിക്കാ നാവില്ല. മുമ്പുണ്ടായിരുന്നതിനേക്കാൾ തീവ്രമായ ജാതിവിവേചനം പല രൂപത്തിൽ മലയാളിയുടെ മനസ്സിനെ മഥിച്ചു തുടങ്ങുന്ന യാഥാർത്ഥ്യങ്ങൾക്ക് കാലം സാക്ഷിയാവുകയാണ്. അതിന്റെ പശ്ചാത്തലത്തിലാണ് സാഹിത്യാഖ്യാനങ്ങളിൽ ജാതിചിന്ത ശക്തമായ പ്രമേയമായി കടന്നു വരുന്നത്. അടക്കിപ്പിടിച്ച ജാതി വിവേചനത്തിന്റെ അടരുകളെ പ്രത്യക്ഷവൽക്കരിച്ചുകൊണ്ട് അതിനെ പ്രശ്നവൽക്കരിക്കാൻ ചെറുകഥകൾക്ക് കഴിഞ്ഞിട്ടുണ്ട്.

സന്തോഷ് എച്ചിക്കാനത്തിന്റെ 'പന്തിഭോജനം' എന്ന കഥ പ്രസ്തുതചരിത്രത്തിന്റെ വിപരീതചരിത്രത്തെയാണ് അനുഭവപ്പെടുത്തി യത്.

ഭക്ഷണത്തിലും ഭാഷണത്തിലും കർമ്മങ്ങളിലുമെല്ലാം ജാതിചിന്ത കനക്കുന്നതിന്റെ ജാഗ്രത കഥയുടെ വിവരണത്തിലുണ്ട്. 'സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതി പിന്നാക്കജാതികളെ സവർണ്ണ വിഭാഗങ്ങളുമായി ഐക്യപ്പെടാൻ മോഹിപ്പിക്കുന്നുണ്ട് എന്ന ചിന്തയാണ് പ്രധാന ആശയമായി വികസിക്കുന്നത്. ദളിത് സമുദായത്തിന്റെ ഈ ആത്മവിശ്വാസം ഇടിത്തീയായി തങ്ങൾക്കുനേരെ പെയ്യുമെന്ന യാഥാർത്ഥ്യചിന്തയും തുടർന്ന് കടന്നുവരുന്നുണ്ട്. അതിനേക്കാളേറെ നമ്മുടെ ചിന്തയെ അലട്ടുന്നത് പന്തിഭോജനത്തിന്റെ കൃത്യമായ തകിടം മറിയലാണ്. പിന്നാക്കജാതിയുടെ ഉന്നമനത്തിന് കളമൊരുങ്ങിയ പന്തിഭോജനമെന്ന ചരിത്രത്തെ അതിന്റെ വിപരീതാർത്ഥത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. കാപ്പക്കുട്ടിയെന്ന ദളിതനെ ഒറ്റുകൊടുക്കാൻ രുക്മിണി എന്ന ദളിത സ്ത്രീയെ ഉപയോഗിക്കുകയും ഒടുവിൽ അവളെത്തന്നെ നിഷ്ഠുരമായി ചതിക്കാൻ സവർണ്ണ സഹപ്രവർത്തകർ നടത്തുന്ന 'പന്തിഭോജന'വുമാണ് കഥയെ ഉജ്വലമാക്കി മാറ്റുന്നത്. അതിലൂടെ പിന്നാക്ക ജാതികളെ സമൂഹത്തിന്റെ അടിത്തട്ടിലേക്ക് ചവുട്ടിത്താഴ്ത്താനുള്ള സവർണ്ണരുടെ അതിമോഹത്തെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്നു.

മനുഷ്യജാതിയെ നിലനിർത്തുന്ന ഭക്ഷണം ജാതിയുടെ രൂപകമായി മാറുന്നതെങ്ങനെയെന്ന ചിന്തയെ രസകരമായി കഥ മുന്നോട്ടുവെയ്ക്കുന്നുണ്ട്. നീതിയും നിയമവും സംരക്ഷിക്കാൻ നിലകൊള്ളുന്ന കോടതിയെന്ന സാമൂഹ്യ സ്ഥാപനത്തിന്റെ അണിയറയിലാണ് പന്തിക്ക് ഇലയിടുന്നത് എന്ന കാര്യം രസാവഹമാണ്. സൂസൻ ഇമ്മാനുവേലിന്റെ ടിഫിൻ കാരിയേറിൽ അടച്ചിട്ട പോർക്കു വരട്ടിയതും താറാവു മപ്പാസും കോതമംഗലം സുറിയാനി ക്രിസ്ത്യാനിയുടെ വ്യക്തിത്വത്തെ തിളക്കുന്ന വിഭവമാണ്. തങ്ങൾ നമ്പൂതിരിമാർക്കും കൂടിയ സവർണ്ണരാണെന്ന ചരിത്രജ്ഞാനത്തിൽ

അഭിമാനിക്കുന്നുമുണ്ട്. മട്ട അരിയുടെ അധികം വേവാറാത്ത ചോറും കോവയ്ക്കാ മെഴുക്കുപുരട്ടിയും മുളകു കൊണ്ടാട്ടവും അവിയലുമൊക്കെ രമ്യാ നായരുടെ ആഢ്യത്വത്തെ ഉറപ്പിക്കുന്നു. മാമ്പഴപ്പുളിശ്ശേരിയും ഓലനും കടുമാങ്ങയും സംഗീത നമ്പൂതിരിയുടെ ജാതിമേ•യുടെ അടയാളചിഹ്നങ്ങളാണ്. അവളുടെ പൂർവ്വികർ യോഗക്ഷേമ സഭക്കാരായിരുന്നതിനാൽ സൂസന്റെ പോർക്കു വരട്ടി പ്രിയവിഭവമായി മാറി. എന്നാൽ രുക്മിണി എന്ന ദളിതസ്ത്രീയുടെ ചോറ്റുപാത്രത്തിൽ നിന്നുയരുന്ന ചേറ്റു മീനിന്റെ ഉളുമ്പു നാറ്റം സംഗീതയ്ക്കു സഹിക്കാനാവുമായിരുന്നില്ല. ഇതിലൂടെ യോഗക്ഷേമസഭയുടെ സമരവീര്യത്തെയും തലകീഴായി മറിച്ചു.

സംഗീതനമ്പൂതിരി ആദ്യമായി സ്വതന്ത്രമായി വാദിക്കുന്ന കേസിന്റെ വിജയത്തിനുവേണ്ടിയാണ് പന്തിഭോജനം നടത്താൻ തീരുമാനിച്ചത്. സി. പി. ഗോപാലമേനോൻ കാപ്പക്കുട്ടിയെന്ന ദളിതനെ 'പൊലയന്റെ മോനെ കൊന്നുകളയും' എന്നാക്രോശിച്ച് കമ്പിക്കഷണം കൊണ്ട് തലയടിച്ചു പൊട്ടിച്ചതാണ് കേസ്. തന്റെ പറമ്പിൽക്കൂടി കിടക്കപ്പൊറുതി മുട്ടിച്ചു കൊണ്ട് ഓടിയ മേനോന്റെ ലോറി തടഞ്ഞതാണ് പ്രശ്നം. ദളിത്‌വാദവും ഫെമിനിസവും തലയ്ക്കു പിടിച്ച്, യൂണിവേഴ്സിറ്റിയിലെ തീപ്പൊരിയായിരുന്ന പബ്ലിക് പ്രോസിക്യൂട്ടർ രുക്മിണിയാണ് കാപ്പക്കുട്ടിയുടെ കേസു വാദിക്കുന്നത്. കാപ്പക്കുട്ടിയുടെ ബന്ധു കൂടിയാണ് രുക്മിണി. നീതി അയാളുടെ ഭാഗത്തായതുകൊണ്ട് മേനോനുവേണ്ടി വാദിക്കുന്ന സംഗീത കോടതിയിൽ എട്ടു തരത്തിൽ പൊട്ടുമെന്നു എല്ലാവർക്കുമറിയാമായിരുന്നു. പിന്നാക്ക ജാതിയിൽ പിറന്നവളോടു തോൽക്കാൻ സംഗീത നമ്പൂതിരിയുടെ അഭിമാനബോധം കൂട്ടാക്കിയില്ല. അതിന്റെ ഗൂഢാലോചനയിലാണ് പന്തിഭോജനമെന്ന ആശയം ഉദിച്ചുയർന്നത്.

അതിനായി ആദ്യം കുറുമാറുന്നത് സാക്ഷാൽ തൃപ്പൂണിത്തുറത്തമ്പുരാനായ സതീഷ്വർമ്മയെയാണ്. വർമ്മ രുക്മിണിയുടെ കാമുകനാണ്. പ്രണയത്തിന് കണ്ണില്ലെന്നു വിശ്വസിച്ച ആദർശവാൻ. ജാത്യാലുള്ളത് തുത്താൽ പോകില്ലെന്നു ഒരു കൊല്ലത്തെ പ്രണയം കൊണ്ടയാൾ മനസ്സിലാക്കി. കാമുകൻ വഴിയാണ് രുക്മിണിയെ ഒത്തുതീർപ്പു സദ്യയിലേക്കും സവർണ്ണ സൗഹൃദത്തിലേക്കും എത്തിക്കാനായത്. പ്രണയത്തിനുവേണ്ടി കാപ്പക്കുട്ടിയെ ചതിക്കാൻ രുക്മിണിക്ക് ഒരു മടിയുമില്ലായിരുന്നു. പഠിപ്പും പരിഷ്കാരവും സവർണ്ണതയിലേക്ക് കടക്കാനുള്ള ചവിട്ടുപടികളായിരുന്നു രുക്മിണിക്ക്. എന്നാൽ പന്തിഭോജനത്തോടെ കോടതിയിലെ തന്റെ പണി മതിയാക്കി പ്രണയിനിയെ തേച്ചിട്ട് കാനഡയിലേക്ക് പോകുന്ന വർമ്മയുടെ ഉദ്ദേശശുദ്ധി രുക്മിണി അറിഞ്ഞതുമില്ല. അതുകൂടി അറിഞ്ഞിട്ടാണ് സതീഷ് വർമ്മയെ രുക്മിണിയെ കെണിവെക്കാനുള്ള കരുവാക്കുന്നത്. സവർണ്ണ മൂവർ സംഘം വർമ്മയുടെ ചങ്കൂറ്റത്തെ മനസ്സാൽ അഭിനന്ദിക്കുകയും ചെയ്തു. രുക്മിണിയുടെ ആത്മബലി സാർത്ഥകമാക്കുന്നതിനാണ് പന്തിഭോജനം കെങ്കേമമാക്കാൻ അവർ പ്രയത്നിച്ചത്.

ഒന്നാന്തരം ചന്ദ്രക്കാരൻ മാങ്ങയുടെ പുളിശ്ശേരിയും മൂന്നു വർഷം പഴക്കമുള്ള കടുമാങ്ങയും സംഗീത നമ്പൂതിരി തീൻമേശയിൽ നിരത്തി. പാരമ്പര്യ മഹിമയാണല്ലോ സവർണ്ണതയുടെ അടയാളമുദ്ര. സൂസനാകട്ടെ പതിവുപോലെ തേങ്ങാപ്പാലിന്റെ മണമുള്ള താറാവു മപ്പാസ് സ്പെഷ്യലായി കൊണ്ടുവന്നു. രമ്യാ നായരുടെ സവിശേഷമായ രുചിക്കൂട്ടിലുള്ള അവിയലിനോടൊപ്പം രുക്മിണിയുടെ ചേറ്റുമീൻ കറിയും തീൻമേശയിൽ നിരന്നു. അക്ഷരാർത്ഥത്തിൽ നടന്ന പന്തിഭോജനത്തിനിടയിൽ സംഗീത രുക്മിണിയുടെ ചോറിലേക്ക് മാമ്പഴ പുളിശ്ശേരി വീഴ്ത്തുകയും രുക്മിണി ചേറ്റുമീൻ

അന്തർജ്ജനത്തിനു കൈമാറുകയും ചെയ്തു. ഇരുവരും കൈകൊട്ടുത്തു കേസ് ഒത്തു തീർപ്പാക്കി സംഗീതയുടെ വിജയമാഘോഷിച്ചു. ജാതി നിരപേക്ഷമായ ഒരു കാന്തിക ബലത്താൽ ആകർഷിക്കപ്പെട്ട പന്തിഭോജനത്തിൽ വെച്ച് പിന്നാക്ക സമുദായത്തെ ഒറ്റുകൊടുത്ത് രുക്മിണി പ്രണയവും സവർണ്ണാഭിമുഖ്യവും സംരക്ഷിച്ചു.

വിദ്യാഭ്യാസം നേടി പദവികളിലെത്തുന്ന പിന്നാക്ക ജാതിയിലുൾപ്പെട്ടവരാണ് സമുദായത്തെ ഇരുട്ടിലേക്ക് ചവിട്ടിത്താഴ്ത്തുന്നതെന്ന ആശയത്തിന് ഈ കഥയിൽ മുറുക്കം കിട്ടുന്നില്ല. കാരണം പ്രണയത്തിനുവേണ്ടി ഒരു പെൺകുട്ടി അങ്ങനെ ചെയ്തതിന്റെ യുക്തിയെ ഇഴകീറി പരിശോധിക്കേണ്ട കാര്യമില്ല. എന്നാൽ ദളിതരുടെ സാമൂഹ്യ ഉന്നമനത്തെ തച്ചുതകർക്കാൻ സവർണ്ണർ അച്ചടക്കത്തോടെ ഒത്തുകൂടുകയും ഭംഗിയായി നടപ്പിൽ വരുത്തുകയും ചെയ്യുന്ന നെറികേടാണ് കഥയെ മൂല്യവത്താക്കുന്നത്. രുക്മിണി നൽകിയ ഭക്ഷണം സംഗീത നമ്പൂതിരി ടോയ്‌ലറ്റിൽ ഓക്കാനിച്ച് ഛർദ്ദിക്കുന്നതും പ്രണയത്തെ സതീഷ് വർമ്മ നിശബ്ദമായി ഒറ്റുന്നതും 'ജാത്യാലുള്ളത് തൂത്താൽ പോകില്ല' എന്ന ആശയത്തെ തീവ്രമാക്കുകയാണ്. വിദ്യാസമ്പന്നരും നീതിയുടെ സംരക്ഷകരുമായ യുവതലമുറ തെളിവുകളുടെ പഴുതുകളെല്ലാം അടച്ചുകൊണ്ടു നടപ്പാക്കുന്ന പന്തിഭോജനത്തിൽ തകർന്നടിയുന്നത് ഒരു നൂറ്റാണ്ടു മുമ്പ് സഹോദരനെന്ന ചരിത്രപുരുഷൻ ഉയർത്തിപ്പിടിച്ച നവോത്ഥാന മൂല്യങ്ങളാണ്. നവോത്ഥാന മൂല്യങ്ങളെ തീപ്പന്തമാക്കി ഉയർത്തിപ്പിടിക്കേണ്ട അഭ്യസ്തവിദ്യരായ തലമുറ അയിത്തവും അസ്പൃശ്യതയും അനാചാരങ്ങളും ബലിഷ്ഠമാക്കാൻ എടുക്കുന്ന പ്രയത്നങ്ങൾ സവർണ്ണ ജാതിബോധം എത്രമേൽ ശക്തമായി തിരിച്ചുവന്നിരിക്കുന്നു എന്ന യാഥാർത്ഥ്യത്തെയാണ് 'പന്തിഭോജന'ത്തിൽ രുചികരമായ വിഭവമാക്കി വിളമ്പിയത്.

ഗുരു

കേരളീയ നവോത്ഥാനത്തിന്റെ ഏറ്റവും ചലനാത്മകമായ സാന്നിധ്യമായിരുന്നു ശ്രീനാരായണഗുരു. ജാതികൊണ്ട് അപമാനിതനായ മനുഷ്യനായിരുന്നു ഗുരുവിന്റെ ദു:ഖം. മാനവികതയായിരുന്നു ആദർശം. ജാതിരഹിത സമുദായമായിരുന്നു ഗുരുവിന്റെ സ്വപ്നം. ജാതിരഹിതവും മതാതീതവുമായ മാനവികതയ്ക്കു വേണ്ടിയാണ് ഗുരു അക്ഷീണം പ്രയത്നിച്ചത്. ശാസ്ത്രീയമായ യുക്തി കൊണ്ടാണ് മനുഷ്യന്റെ ജാതിയെ ഗുരു നിർണ്ണയിച്ചത്. ഉൽപ്പത്തിയിലും ആകൃതിയിലുമൊന്നും ഭേദമില്ലാത്ത മനുഷ്യൻ ജാതിയാൽ വിഭജിക്കപ്പെടുന്നതിന്റെ പൊരുൾ ഗുരുവിന് മനസ്സിലായതേയില്ല. സാമൂഹിക നീതിക്കുവേണ്ടിയാണ് ഗുരു പന്തിഭോജനം എന്ന സങ്കൽപ്പത്തെ ഉയർത്തിപ്പിടിച്ചത്. അരുവിക്കരയിൽ ഗുരു സംഘടിപ്പിച്ച വാവൂട്ട് മിശ്രഭോജനത്തിന്റെ ആദ്യ സംരംഭവുമായിരുന്നു. എന്നാൽ ജാതിയിലേക്കുള്ള പിൻനടക്കം വിജയകരമായി പൂർത്തിയാക്കിയ കാലഘട്ടത്തിൽ ഗുരു കൈക്കൊണ്ട നവോത്ഥാനാശയങ്ങൾ കാലഹരണപ്പെടുകയും വെറുമൊരു വിഗ്രഹമായി ഗുരു മാറുകയും ചെയ്ത സാഹചര്യത്തിലാണ് ഗുരുവിന്റെ ആശയങ്ങളെ എഴുത്തുകാരന് അഭിസംബോധന ചെയ്യേണ്ടി വരിക.

എസ്. ഹരീഷിന്റെ 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന കഥയിൽ 'ഗുരു' എന്ന കനപ്പെട്ട ചരിത്രമാണ് കേന്ദ്രവിഷയമാകുന്നത്. മിശ്രവിവാഹത്തിന്റെ ഇണങ്ങാത്ത കണ്ണികളിലേക്ക് ഗുരുവിന്റെ മാനസികാശയങ്ങളെ വിളക്കിച്ചേർത്തുകൊണ്ട് ജാത്യാധികാരത്തിന്റെ അലംഘനീയമായ നിയമങ്ങളെ ഹാസ്യരൂപേണ ആഖ്യാനം ചെയ്യുന്നു. രണ്ടു സമുദായങ്ങളുടെ ഉയർച്ച താഴ്ചകളെ കഥാപാത്രങ്ങളുടെ ക്രിയകളിലൂടെയും മാനസിക ചലനങ്ങളിലൂടെയും ആവിഷ്ക്കരിക്കുകയാണ്. അനൂപിന്റെയും പവിത്രയുടെയും പ്രണയത്തെയും മിശ്രവിവാഹത്തെയും അനുവദിക്കുന്നത് ജ്ഞാനത്തിന്റെയും സമ്പത്തിന്റെയും ഉയർച്ചകളാണ്. 'പുതിയ പിള്ളേര് ജാതീ

മതോം വല്ലോം നോക്കുവോ'? എന്ന കാരണവ•ാർ ഊറ്റം കൊള്ളുമ്പോഴും പ്രായഭേദമെന്യേ എല്ലാരിലും ഉറച്ച കിടക്കുന്ന ജാതി ചിന്തയുടെ സൂക്ഷ്മബോധങ്ങളിലേക്കാണ് കഥാകാരൻ സഞ്ചരിക്കുന്നത്. സ്വന്തം ജാതിയുടെ മേ•യിൽ ഓരോ കൂട്ടരും അഭിരമിക്കുമ്പോൾ ജാത്യാധികാരത്തിന്റെ അശുദ്ധി/ വിശുദ്ധികൾ തിരനീക്കിയെത്തുന്നത് രസകരമായാണ്.

അനൂപിന്റെയും പവിത്രയുടെയും പ്രണയാനന്തര വിവാഹത്തിന് മുമ്പായി വീട്ടുകാർ പവിത്രയുടെ വീട്ടിൽ ഒന്നിച്ച കൂടുകയാണ്. രണ്ടു സമുദായത്തിൽപ്പെട്ട അവരുടെ വാക്കുകളെയും ചിന്തകളെയും സ്വയം തിരുത്തുക വഴി ഉള്ളിൽ തെറിച്ച നിൽക്കുന്ന ജാതിബോധത്തെ കശക്കി വിടുകയാണ് കഥാകാരൻ. നായ•ാരായ വരന്റെ വീട്ടുകാരെ അർഹിക്കുന്ന ബഹുമാനം കൊണ്ടാണ് ഈഴവരായ പെൺവീട്ടുകാർ സ്വീകരിച്ചത്. പരിപ്പു കറിയോടൊപ്പം കഴിക്കാൻ പശുവിൻ നെയ്യും പതിവിന വിപരീതമായി വെളുത്തുള്ളി ചേർക്കാത്ത അവിയലും പുളിശ്ശേരിയുമൊക്കെ വിളമ്പുന്നത് ആ പരിഗണനയിലാണ്. ചോറു തിന്നാനെത്രപേർ കാണുമെന്ന വല്യമ്മയുടെ ചോദ്യത്തെ ചോറുണ്ണാനെന്നേ അവരോട് പറയാവൂവെന്ന് പവിത്രയുടെ അമ്മ തിരുത്തുന്നു. പപ്പടം വറുത്തില്ലല്ലോയെന്ന അവരുടെ ആത്മഗതത്തെ പപ്പടം കാച്ചാൻ ഞാനും കൂടാമെന്ന് അനൂപിന്റെ അമ്മ പിന്താങ്ങി. വേണ്ടമ്മേ ഞാൻ തന്നെ കാച്ചിക്കോളാമെന്ന വേഗമങ്ങ് തിരുത്തി. ചോറു തിന്നുക എന്ന പ്രയോഗത്തെ ഉണ്ണ കഴിക്കുക എന്നതിലേക്ക് തിരുത്തുമ്പോൾ അതു ഭാഷാപരമായ മാറ്റം മാത്രമല്ല. സാമുദായിക ജാത്യാധികാരങ്ങളുടെ ഉയർച്ച താഴ്ചകളെക്കൂടി ഉള്ളടക്കുന്നുണ്ട്. സാമൂഹിക സാംസ്കാരിക അധീശത്വത്തിന്റെ അടയാളമായി ഭാഷ ഇവിടെ പരിണമിക്കുകയാണ്.

മുറിക്കുള്ളിലെ അക്വേറിയത്തിനടുത്തെത്തി അതിലെ സ്വർണ്ണ മീനുകളെ നോക്കി 'ഒന്നു രണ്ടു ചെമ്പല്ലി മീനുകളെക്കൂടി ഇടാൻ വയ്യായിരുന്നോ?

അതുങ്ങൾടെ പച്ചയും കറുപ്പുമുള്ള നിറം വെളിച്ചത്തിൽ നല്ല ഭംഗിയാ' എന്നു ഉണ്ണിമാമൻ നിർദ്ദേശിച്ചപ്പോൾ തൊണ്ടയിൽക്കൂടി എന്തോ അന്നനാളം മുറിച്ച് താഴേക്കിറങ്ങുന്നതായി പവിത്രനു തോന്നി. 'ചോവനെക്കൊല്ലി' എന്നു വിളിക്കുന്ന മീനിന്റെ ദൃഷ്ടാന്തത്തിലൂടെ ഈഴവന്റെ സ്വത്വത്തിന്റെ ഇകഴ്ചയെ ബുദ്ധിപരമായി സൂചിപ്പിച്ചുകൊണ്ട് ജാതി മേ•യിൽ സ്വയം പടവെട്ടി വിജയിച്ച നായർ പ്രമാണിയുടെ ഹുങ്കം അദൃശ്യമായി തെളിയുന്നുണ്ട്. കല്യാണം കഴിഞ്ഞ് രണ്ടു കുടുംബക്കാരും ഗുരുവായൂരിൽ തൊഴാൻ പോയപ്പോൾ ഒന്നിച്ചുറങ്ങിയെണീറ്റ് രാവിലെ പല്ലുതേച്ച് ബ്രഷ് പെണ്ണിന്റെ അച്ഛൻ അരയിൽ മുണ്ടോട് ചേർത്ത് കത്തിപോലെ കുത്തി നിർത്തിയത് അനൂപിന്റെ അച്ഛൻ കൗതുകത്തോടെ നോക്കുകയും, ചെറുപ്പത്തിൽക്കണ്ട പനകയറ്റക്കാരൻ കുഞ്ഞപ്പനെ ഓർമ്മിക്കുകയും നിമിഷം കൊണ്ടതു മനസ്സിൽ തിരുത്തുകയും ചെയ്തു. ഇവിടെല്ലാം അദൃശ്യമായി ജാത്യാധികാര നിയമങ്ങൾ നമ്മുടെ ജീവിതത്തെയും അഭിരുചികളെയും നിശ്ചയിച്ചുകൊണ്ട് നിലനിൽക്കുന്ന സത്യത്തെയാണ് എഴുത്തുകാരൻ പരോക്ഷമായി സൂചിപ്പിക്കുന്നത്.

ചെറുക്കന്റെ വീട്ടിലെ അവസാന കല്യാണമായതുകൊണ്ട് പെണ്ണുവീട്ടിലെ അകത്തളത്തിൽ തൂക്കിയിട്ടിരിക്കുന്ന ഫോട്ടോ എടുത്തു മാറ്റണമെന്ന് മടിച്ചാണെങ്കിലും ആവശ്യപ്പെടുന്നുണ്ട്. വിവാഹപ്പന്തലിൽ ഗുരുവിന്റെ ഫോട്ടോ വെയ്ക്കില്ലെന്ന ഉറപ്പു ലഭിച്ചിട്ടും നായർ പ്രമാണിമാർ വീട്ടിലേയ്ക്കു വരുമ്പോൾ ആ ഫോട്ടോ അവിടെ തൂങ്ങുന്നത് അപമാനമാണെന്ന ആഢ്യത്വത്തെയാണ് ധ്വനിപ്പിച്ചത്. എന്നാൽ ഗുരുവിന്റെ ഫോട്ടോ എടുത്തു മാറ്റുക മാത്രമല്ല അതു കിടന്ന അടയാളത്തെ മായ്ക്കാൻ ചതുർബാഹുവായ ഭഗവാന്റെ പടം അവിടെ തൂക്കുകയും ചെയ്തു. എത്ര തുത്താലും മായ്ച്ചാലും മലയാളിയുടെ ഉള്ളിൽ കുടിവെച്ച ജാതിചിന്ത തേഞ്ഞുപോകില്ലെന്നും

യഥാസമയം അതു പത്തി വിരിച്ച് പിടഞ്ഞെണീക്കുമെന്നും ഹാസ്യത്തിൽ പറഞ്ഞു വെയ്ക്കുന്നു.

ഗുരുവിന്റെ സ്ഥാനത്ത് ചതുർബാഹുവായ ഭഗവാൻ കുടിയേറുമ്പോൾ ജാതിചിന്ത ഗഹനമാവുകയാണ്. സമ്പത്തും ആഭിജാത്യവുമൊക്കെ കൈവന്നതായി മനസ്സിലാക്കുന്ന ഈഴവന്റെ സവർണ്ണാഭിമുഖ്യമാണ് ഇവിടെ വെളിപ്പെട്ടത്. ഭക്ഷണം, ഭാഷണം, വസ്ത്രം, നിറം തുടങ്ങിയവയെല്ലാം അപര സ്ഥാനത്തേയ്ക്ക് നീക്കി നിർത്തുന്ന ഭയത്തിൽ നിന്നാണ് വരേണ്യതയിലേക്ക് കടക്കാനുള്ള വിഫലശ്രമങ്ങൾ പിന്നാക്ക ജാതിക്കാർ നടത്തുന്നത്. പെൺകുട്ടി ഏറെ ഇഷ്ടപ്പെട്ടെടുത്ത ഇളംമഞ്ഞ നിറമുള്ള ടോപ്പ് അമ്മ നേരത്തേതന്നെ മറ്റൊരു മുറിയിലേക്ക് മാറ്റിവെയ്ക്കുന്നതും ഓം എന്നെഴുതിയ വലിയ താലിക്കു പകരം ചെറിയ പ്ലെയിൻ താലി മതിയെന്ന വരന്റെ അമ്മയുടെ നിർദ്ദേശം കേട്ടു തന്റെ താലി സാരിക്കുള്ളിൽ മറഞ്ഞിരിക്കുകയാണോയെന്ന് ഉറപ്പു വരുത്തുന്നതും മേൽപ്പറഞ്ഞ ഭയത്തിൽ നിന്നാണ്. അതിനെല്ലാം പരിഹാരമായി കാണുന്നത് സവർണ്ണതയിലേക്കുള്ള മാറ്റമാണ്. ഗുരുവിന്റെ ദർശനങ്ങളെ പിന്തള്ളിക്കൊണ്ട് ഈഴവർ അതിനു ശ്രമിക്കുന്നിടത്താണ് ഫലിതം മൂർദ്ധന്യത്തിലെത്തുന്നത്.

കൊട്ടാര സദൃശമായ വീടിനു പുറകിൽ പഴയ ജീവിതത്തിന്റെ സ്മാരകമായി കാരണവർ നിലനിർത്തിയ കുടിൽ പൊളിച്ചു കളയാനുറച്ച് അതിനകത്തേക്ക് കയറിയപ്പോൾ ഭിത്തിയിൽ ചിതൽ തിന്നെങ്കിലും മുഖത്തിനൊരു പോറലുമേൽക്കാതെ ഗുരുവിന്റെ പടവും ഗുരുവിനെക്കുറിച്ച് കുമാരനാശാനെഴുതിയ രണ്ടുവരിയും മായാതെ കിടക്കുന്നത് കാണുന്നുണ്ട്. ഗുരുവിനെ പുതിയ വീട്ടിൽ നിന്നിളക്കി മാറ്റുമ്പോൾ മനസ്സിൽ നിന്നും ഗുരുചിന്തകളെക്കൂടി പുറത്താക്കുകയാണല്ലോ. എന്നാലതൊന്നും സവർണ്ണത്വത്തിലേയ്ക്കു യർത്തില്ലായെന്ന് തുടർന്നു വരുന്ന പരിഹാസത്തിന്റെ

സാമർത്ഥ്യം ഓർമ്മിപ്പിക്കുന്നു. ജാത്യാധികാരം തലമുറകളായി തിരുത്തപ്പെടാതെ കിടക്കുന്ന വിശ്വാസമാണെന്ന് പറഞ്ഞു തരുന്നു. 'ദേ, ആനേനെ കണ്ടോ'? എന്നു തുള്ളിച്ചാടുന്ന പവിത്രയെ ചെവിക്കു നുള്ളിക്കൊണ്ട് ആനേനെ അല്ല, ആനയെ എന്നു പറയെടീ എന്നു തിരുത്തുന്ന അനൂപ് അത് സാക്ഷ്യപ്പെടുത്തുന്നു. വിദ്യയും പണവും പദവിയുമൊന്നും ജാതി ചിന്തയെ കുടഞ്ഞെറിയാൻ പര്യാപ്തമല്ലെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. തലമുറകൾ കൈമാറുന്ന ഒരേയൊരു സാത്വികഗുണം ജാതിവിവേചന ബോധമാണെന്ന ചിന്തയെ ജ്വലിപ്പിച്ചുകൊണ്ട് ഗുരുവിന്റെ അസാന്നിധ്യത്തെ ഭംഗിയായി അഭിവ്യഞ്ജിപ്പിക്കുന്നു. ഗുരു ചിന്തകൊണ്ട് ഉയർത്തിപ്പിടിച്ച നവോത്ഥാന ആശയങ്ങൾ ചോർന്നൊലിച്ച് ചിതൽ തിന്നുകയും ഗുരു വിരൂപമായൊരു പൂജാവിഗ്രഹമായി മാറുകയും ചെയ്ത യാഥാർത്ഥ്യത്തെയാണ് പരിഹാസത്തിന്റെ മൂർച്ച കൊണ്ടു തിളക്കിയ ഈ കഥ സംവേദനം ചെയ്യുന്നത്.

വില്ലുവണ്ടി

ജാതിവിവേചനത്തിന്റെ കർക്കശമായ നിയമങ്ങൾക്കെതിരെ അടരാടിയ ചരിത്ര പുരുഷനാണ് അയ്യൻകാളി. അറിവും ആത്മാഭിമാനവും മരണഭയമില്ലാത്ത ചങ്കുറ്റവുമായിരുന്നു അദ്ദേഹത്തിന്റെ ആയുധ ബലം. മനുഷ്യനായി ജീവിക്കാനുള്ള പ്രാഥമികാവശ്യങ്ങളെല്ലാം നിരാകരിച്ച് മൃഗതുല്യ ജീവിതം നയിക്കേണ്ടിവന്ന പുലയ സമുദായത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടേണ്ടിവന്നപ്പോൾ സഹനം മാത്രമല്ല, കായികമായി നേരിടേണ്ടി വന്നതും അയ്യൻകാളിയുടെ അനുഭവമായിരുന്നു. സവർണ്ണരുടെ എല്ലാവിധ വിശപ്പുകളും തീർക്കാൻ നിയോഗിക്കപ്പെട്ട മനുഷ്യരുടെ ആത്മസങ്കടങ്ങളെ അക്കാലത്ത് ദൈവം പോലും തിരിച്ചറിഞ്ഞില്ല. വഴിനടക്കാനും അറിവു നേടാനും അതിരുകളില്ലാതെ ജീവിക്കാനുമുള്ള അവകാശങ്ങൾക്കു വേണ്ടിയാണ് അദ്ദേഹം കയ്യൂക്കിന്റെ ആത്മവിശ്വാസത്തിൽ ഇറങ്ങിത്തിരിച്ചത്. വഴി

നടക്കാനുള്ള അവകാശത്തിനായി സവിശേഷ വസ്ത്രങ്ങളണിഞ്ഞ് സവർണ്ണ വീഥികളിലേക്ക് വില്ലുവണ്ടിയോടിച്ചു. വില്ലുവണ്ടിയിലെത്തിയ അയ്യൻകാളിയെ ഉപദ്രവിക്കാൻ സവർണ്ണർ സംഘടിച്ചെങ്കിലും അയ്യൻകാളിയുടെ ആത്മബലത്തിനു മുന്നിൽ പിന്തിരിയാനേ അവർക്കു കഴിഞ്ഞുള്ളൂ. പള്ളിക്കൂടത്തിന്റെ പടിചവിട്ടിയെത്താനുള്ള ആത്മവിശ്വാസം പിന്നാക്ക ജാതികൾക്കു പകർന്നു കൊടുത്തു. പഞ്ചമിയെന്ന പുലയിപ്പെൺകുട്ടിയെ പഠിക്കാൻ കൊണ്ടിരുത്തിയ ഊരൂട്ടമ്പലം സ്കൂൾ സവർണ്ണർ അഗ്നിക്കിരയാക്കി. എങ്കിലും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നാക്ക വിഭാഗങ്ങൾക്ക് പഠിക്കാനുള്ള അവകാശം സാർവ്വത്രികമാക്കാൻ അയ്യൻകാളിയുടെ പ്രവർത്തനങ്ങൾക്കു കഴിഞ്ഞു.

ദളിത് സമുദായത്തിന്റെ വിദ്യാഭ്യാസാവകാശങ്ങളെ ചുട്ടെരിക്കാൻ കൊളുത്തിയ അഗ്നി ഇന്നോളമണഞ്ഞിട്ടില്ലെന്നത് അനുഭവചരിത്രം. പിന്നാക്ക ജാതികളിലെ മിടുക്കരായ വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യേണ്ടിവരുന്ന കാമ്പസുകളുടെ ഇരുണ്ട വഴികളിൽ ഇനിയും വില്ലുവണ്ടി ഓടിക്കേണ്ടതുണ്ടെന്നു ഇപ്പോൾ തിരിച്ചറിയുന്നു. സംവരണാനുകൂല്യത്തെ ഒരുപോലെ എതിർക്കുന്ന അദ്ധ്യാപകരും സവർണ്ണ വിദ്യാർത്ഥികളും കാമ്പസുകളുടെ ശാപമാണെന്ന് അനുഭവം പറഞ്ഞു തരുന്നുണ്ട്. ക്ലാസ്സ് മുറികളിലും ഹോസ്റ്റലുകളിലും അയിത്തം പ്രത്യക്ഷമായിത്തന്നെ അവർ നടപ്പാക്കുന്നു. അധിക്ഷേപങ്ങളും പീഡനങ്ങളും സഹിക്കാനാകാതെ പാതിവഴിയിൽ പഠനമുപേക്ഷിച്ചു പോകുന്ന ദളിത് വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർധിക്കുന്നുണ്ട്. ഇത്തരത്തിൽ ഇരകളാക്കപ്പെടുന്ന വിദ്യാർത്ഥികൾ അനുഭവം കൊണ്ടു നേടുന്ന കരുത്തുമായി ജീവിക്കുമെങ്കിലും കാമ്പസിന്റെ വഴികൾ അവർക്കു മുന്നിൽ ഇന്നും ഇരുളടഞ്ഞുതന്നെ കിടക്കുന്നു.

കെ. രേഖയുടെ 'വില്ലുവണ്ടി' എന്ന കഥ ഉന്നത വിദ്യാഭ്യാസ ക്യാമ്പസുകളുടെ മനുഷ്യത്വരഹിതമായ പ്രവൃത്തികളെ കയ്യടക്കത്തോടെ അടയാളപ്പെടുത്തുന്നുണ്ട്. ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് മുപ്പതു വർഷം പൂർത്തിയാക്കുമ്പോൾ അതിലെ ഏറ്റവും ജീനിയസ്സായ അധ്യാപകൻ ഡോ. വെങ്കിടേശ്വരൻ സുബ്രഹ്മണി അയ്യരുടെ വിരമിക്കൽ ഒരാഴ്ച നീളുന്ന ആഘോഷമാക്കി മാറ്റുകയാണ്. ഇരുപതുകൊല്ലം മുമ്പ് അവിടെ പഠിച്ച വിദ്യാർത്ഥികളുടേതാണ് ആ ദിവസത്തെ പ്രോഗ്രാം. വിളക്കമാടം ബ്ലോക്ക് പഞ്ചായത്ത് മെമ്പറായ ഉമ അതിൽ പങ്കെടുക്കാനാണ് ദീർഘദൂരം സഞ്ചരിച്ച് അവിടെയെത്തിയത്. ചടങ്ങിന് താനെത്തേണ്ടതുണ്ടോയെന്ന് വല്ലാതെ സംശയിക്കുന്നുണ്ട്. അവിടെ പഠിച്ചിരുന്ന സമയത്തെല്ലാം താനവിടെ ഒരധികപ്പറ്റാണെന്ന് ഉമയ്ക്ക് തോന്നിയിട്ടുണ്ട്. ഏറെ വിലപിടിപ്പുള്ള ആ കോഴ്സിലേക്ക് സംവരണ സീറ്റിൽ വന്നുപെട്ടത് ഉമയും ഇല്യാസുമാണ്. അന്നു മുതൽ ക്ലാസ്സിൽ ക്ഷണിക്കാതെ കയറിവന്ന പോലൊരു അപരിചിതത്വം അനുഭവിക്കുന്നുണ്ട്. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വാക്കുകളിലും നോട്ടങ്ങളിലുമെല്ലാം പരിഹാസഭാവമാണ് മുന്നിട്ടു നിന്നത്. ഇത്രകാലം കഴിഞ്ഞിട്ടും അതെല്ലം ഒരുപടി ഉയർന്നിട്ടേയുള്ളൂവെന്ന് ഉമ മനസ്സിലാക്കുന്നുണ്ട്. ക്ലാസ്സിലിരുന്ന ഉറക്കം തൂങ്ങുന്ന പെൺകുട്ടിക്ക് ഒരു മാറ്റവുമില്ലെന്നാണ് ഇപ്പോഴും വെങ്കിടിസാർ കണ്ടെത്തിയത്.

പൊന്നുംവിലയുള്ള മാനേജ്മെന്റ് കോഴ്സ് പഠിക്കാനെത്തിയ ഒരു കൂട്ടം മിടുക്കർക്കിടയിൽ വെള്ളത്തിലെ പാഴില പോലെ ആത്മാവില്ലാതെ ഒഴുകാൻ വിധിക്കപ്പെട്ടവരായിരുന്നു ഉമയും ഇല്യാസും. ജനകീയാസൂത്രണം വഴി കിട്ടിയ നാലാടുകളെ വിറ്റുകിട്ടിയ പണവുമായാണ് ഏതോ മലമുകളിൽ നിന്ന് ഇല്യാസ് യൂണിവേഴ്സിറ്റിയിലെത്തിയത്. ആടു ചേർത്തുള്ള വിളിപ്പേരുകളിൽ അന്നു മുതൽ ഇല്യാസ് കോമാളിയായി. അതു നിലനിർത്താൻ സവർണ്ണ

സഹപാഠികൾ ഇല്യാസിന് മദ്യം വാങ്ങി നൽകി തങ്ങളുടെ മാന്യതയിൽ മേനിനടിച്ചു. അതിഥികളായെത്തുന്ന മാനേജ്മെന്റ് വിദഗ്ധരുടെയും അധ്യാപകരുടെയും പരിഹാസങ്ങൾക്ക് വിധേയനായി പലതരം ശിക്ഷകളേറ്റുവാങ്ങി. പണക്കൊഴുപ്പിലും പൊങ്ങച്ചങ്ങളിലും ആർഭാടിച്ചു നിൽക്കുന്ന കാമ്പസ് കണ്ട് വിസ്മയിച്ചു നിൽക്കാനേ ഇല്യാസിന് കഴിഞ്ഞുള്ളൂ. ഒടുവിൽ കോഴ്സ് പൂർത്തിയാക്കുന്നതിന് തൊട്ടുമുമ്പ് അധ്യാപികയോട് മോശമായി പെരുമാറി എന്ന കുറ്റത്തിന് പുറത്താക്കപ്പെട്ടു. താൻ ചെയ്ത തെറ്റെന്താണെന്നറിയാതെ, സ്വന്തം തെറ്റ് അവരോട് ചോദിച്ചു മനസ്സിലാക്കി മാപ്പു പറയുന്നതിന്റെ അപമാനമോർത്ത് അതിന് കാത്തു നിൽക്കാതെ, പുസ്തകങ്ങളും സർട്ടിഫിക്കറ്റുമെല്ലാം ഉപേക്ഷിച്ച് നിലാവിലൂടെ അയാൾ ഇറങ്ങിപ്പോകുകയാണ്. സംവരണ വിദ്യാർത്ഥികൾക്ക് ഒരിക്കലും വൈവ പാസാകാൻ കഴിയില്ലെന്ന അലിഖിത നിയമവും സ്വപ്നം കാണുന്നതിൽ നിന്ന് അവരെ വിമുഖരാക്കിയിരുന്നു. കാമ്പസുകളിൽ മാറ്റമില്ലാതെ പിന്തുടരുന്ന നിയമങ്ങളാണ് ഇതെല്ലാമെന്ന് ഇപ്പോഴും തിരിച്ചറിയാവുന്നതേയുള്ളൂ.

കോഴ്സ് പാസ്സായി വലിയ ലോകങ്ങൾ കീഴടക്കി വന്നവരാണ് സ്വന്തമാക്കിയ വിലപിടിച്ച കാറുകളെയും ഉദ്യോഗത്തെയും കുറിച്ച് വാചാലരായത്. ബുദ്ധിയും പണവും പെരുകി വാഹനങ്ങളിലേക്ക് ചുരുങ്ങിപ്പോയ അവരുടെ വർത്തമാനത്തിൽ ഉമയ്ക്ക് ലജ്ജ തോന്നുകയാണ്. സ്നേഹം, തമാശ, ദുഃഖം, രാഷ്ട്രീയം, സിനിമ ഇങ്ങനെ മനുഷ്യനെ തൊടുന്ന എന്തെങ്കിലും അവർ സംസാരിച്ചെങ്കിലെന്ന് അവൾ ആഗ്രഹിച്ചു പോകുന്നു. ശിഷ്യ•ാർ അലങ്കരിച്ച സമ്മാനിച്ച സെഡാൻ കാറിൽ കൃതജ്ഞനായ വെങ്കിടി സാറും പഴയ അതിരുകളെ തെളിച്ചിട്ടു കൊണ്ടുതന്നെയാണ് സംസാരിച്ചു തുടങ്ങിയത്. ഉമാബാലൻ മുതൽ അമേരിക്കയിലെ ശക്തനായ ഇന്ത്യാക്കാരൻ ജീവൻ മാത്യൂസ് കോശി വരെ എന്ന വാചകത്തിൽ ഉമയുടെ അതിര് കൃത്യമായി

രേഖപ്പെടുത്തുന്നുണ്ട്. 'ആ പറച്ചിലിലുമുണ്ട് വെങ്കിടിയുടെ ബുദ്ധി. കൺമുന്നിലിരിക്കുന്നവന്റെ വിശപ്പിലേക്ക്, ഇലമണ്ണിൽ കുഴിച്ചിട്ട് കഞ്ഞി വിളമ്പുന്നവന്റെ ആനന്ദം'. വാക്കിലേക്കു വിളമ്പി വെച്ച പരിഹാസത്തിലും വെങ്കിടിയുടെ മതിപ്പു തന്നെയാണ് ഇടിയുന്നതെന്ന് തിരിച്ചറിയാനുള്ള ബോധം ഉമ നേടിക്കഴിഞ്ഞിരുന്നു. ഉയർന്ന ജാതിയുടെ ജനിതകം പേറുന്നവരെ പഠിപ്പിക്കാനാണ് വെങ്കിടിയെപ്പോലുള്ളവരുടെ ആഗ്രഹം. വിരുദ്ധോക്തിയിലൂടെയും ഭാവങ്ങളിലൂടെയും ആ സൂക്ഷ്മ ബോധത്തെ പ്രകടിപ്പിക്കുമായിരുന്നു. സംവരണത്തിനെതിരെ സംസാരിച്ച വിദ്യാർത്ഥികളെ സ്നേഹവും പിന്തുണയും നിറഞ്ഞ നോട്ടം കൊണ്ട് അഭിമാനപ്പെടുത്തുമ്പോൾ സാറിന്റെ അതിബുദ്ധി തെളിഞ്ഞുതന്നെ വെളിപ്പെടുന്നുണ്ടാവും.

ഇത്തരം കാമ്പസുകളിൽ നിന്ന് മനം മടുത്തു ചാടിപ്പോകുന്നവരോ പുറത്താക്കപ്പെടുന്നവരോ തോറ്റു പോകുന്നവരോ ആണ് ലോകത്തിലെ ഏറ്റവും നല്ല മനുഷ്യരായി ജീവിതത്തിലേക്ക് തിരിച്ചു വരുന്നതെന്ന വസ്തുത കാവ്യനീതിയായി കഥയിൽ പടരുന്നുണ്ട്. വിമതസ്വരമായി ഉയർന്ന ഉമയുടെ ശബ്ദത്തിൽ മനുഷ്യനെന്ന യാഥാർത്ഥ്യം തിരിച്ചറിയാനാകും. വെങ്കിടിയുടെ പ്രസംഗം കഴിഞ്ഞ് പഴയ രജിസ്റ്ററിന്റെ ക്രമത്തിൽ കുട്ടികളെ സംസാരിക്കാൻ ക്ഷണിക്കുമ്പോൾ ഉമ അതിനെ എതിർത്തത് ആ ബോധത്തിൽ നിന്നുകൊണ്ടാണ്. നിലനിർത്തിയ ചട്ടങ്ങളെ മാറ്റാൻ വിമുഖനാകുന്ന വെങ്കിടിയോട് അവസാന ഊഴക്കാരിയായ താൻ പ്രസംഗിച്ചു തീരുന്നവരെ മുഴുവൻ പേരും ഇവിടെ ഉണ്ടാവണമെന്ന് ഉറപ്പു തരണമെന്ന ആവശ്യം വെങ്കിടിക്ക് അംഗീകരിക്കാതെ നിവൃത്തിയില്ലെന്നു വന്നു. ആത്മാഭിമാനമാർന്ന മനുഷ്യനിലേക്കുള്ള ഉമയുടെ വളർച്ച ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. കിടപ്പു രോഗിയായ അപ്പനെ നോക്കാൻ നിങ്ങടെ കൂട്ടത്തിൽ നിന്ന് ഒരാളെ കണ്ടെത്തിത്തരണമെന്ന സഹപാഠിയുടെ ആവശ്യത്തെയും 'ഞങ്ങടെ

ജാതിക്കാരിപ്പം അടിമപ്പണി മാത്രമല്ല ചെയ്യുന്നത് എന്ന ചാട്ടുളി കൊണ്ട് നേരിടുമ്പോഴും പഴയ പേടിത്തൊണ്ടിയിൽ നിന്ന് സ്വതന്ത്ര മനുഷ്യനിലേക്കുള്ള വളർച്ച അഭിമാനത്തോടെ ഉമ വെളിപ്പെടുത്തുന്നുണ്ട്.

ഒരേ താളത്തിലും ഈണത്തിലും സ്വയം വളർച്ചയുടെ പാഠങ്ങൾ മന:പാഠമാക്കി ഉരുവിടുമ്പോഴാണ് കൂട്ടത്തിലൊരുവൻ രക്തം ഛർദ്ദിച്ചുകൊണ്ട് ചരിഞ്ഞ് താഴേക്ക് വീണത്. കരൾ രോഗിയായവന്റെ നിസ്സഹായത കൂട്ടുകാരൻ പറയുമ്പോൾ പഠനകാല പ്രണയിനി ഒന്നു തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ സ്മാർട്ട് ഫോണിൽ കളി തുടരുകയാണ്. രംഗം നിശബ്ദമായി വീണ്ടും പ്രസംഗം തുടരുമ്പോഴാണ് 'നമുക്കിവനെ ആശുപത്രിയിലെത്തിക്കണ്ടേയെന്ന്' ഉമ ചോദിച്ചത്. അത് പരിഗണിക്കേണ്ട ഒരു വിഷയമായി വെങ്കിടി സാറിനു പോലും തോന്നിയില്ല. ഒരാളെ നിർബന്ധിച്ച് കൂടെക്കൂട്ടി ആശുപത്രിയിലേക്ക് പോകുമ്പോൾ ലെബനീസ് ബെല്ലി ഡാൻസ് ഉൾപ്പെടെയുള്ള വിലപിടിച്ച നിശാപ്പാർട്ടി തനിക്ക് നഷ്ടപ്പെടുമോ എന്ന ആധിയാണ് ഉറ്റ സുഹൃത്തിനെ അലട്ടിയത്. ആ നിമിഷം യോഗത്തിൽ തനിക്ക് പറയാനുള്ളത് കേൾപ്പിക്കണമെന്ന വാശിയിൽ കൂടെ വന്നവന്റെ മൊബൈൽ റെക്കോർഡറിലേക്ക് ഉമ പറഞ്ഞു തുടങ്ങി:

'നിങ്ങളൊക്കെ എന്തൊരു മനുഷ്യരാണെടോ! വെങ്കിടി സാർ ഉൾപ്പെടെ. നിങ്ങളൊക്കെ എന്നേ മരിച്ചു കഴിഞ്ഞിരിക്കുന്നു. സ്നേഹവും സന്തോഷവും സമനസ്സുമാണ് ജീവിതത്തിന്റെ മാനദണ്ഡമെങ്കിൽ നിങ്ങളൊക്കെ എത്ര ഭീകരമായ പരാജയമാണ്. അജിത്തും വളരെ പണ്ടേ മരിച്ചതാണ്. ഇന്ന് ആ ജഡത്തിൽ നിന്ന് ചോര ചിതറി എന്നു മാത്രം. വെങ്കിടി സാറു പറഞ്ഞല്ലോ- എനിക്ക് ഒരു മാറ്റവുമില്ലെന്നും പഴയ ഉറക്കം തൂങ്ങിതന്നെയാണെന്നും- അതെ സാർ, നതിങ് ഹാസ് ചേഞ്ച്ഡ്. ഇല്യാസ് എന്നൊരാളെ ഓർക്കുന്നുണ്ടോ? ഒന്നരവർഷം നിങ്ങൾക്കിടയിൽ മണ്ടനെപ്പോലെ ജീവിച്ച ആ

അതിബുദ്ധിമാനെ? ഒരടി പോലും മുന്നോട്ട് വെയ്ക്കാനാകാത്ത വിധം ജീവിതം മടുക്കുമ്പോൾ നിങ്ങളെല്ലാം അയാളെ അന്വേഷിച്ച് കണ്ടെത്തണം. ഒരു വലിയ ഉത്തരം കിട്ടും, നിങ്ങൾക്കപ്പോൾ..' മനുഷ്യ മഹത്വം പ്രഖ്യാപിക്കുന്ന ഈ വാക്കുകൾക്ക് ഒരു വ്യാഖ്യാനത്തിന്റെയും പിൻബലമാവശ്യമില്ലെന്നു നമുക്കറിയാം.

ആരായിരിക്കണം നല്ല മനുഷ്യൻ എന്ന ദാർശനിക സമസ്യയെ ഉമ തിരിച്ചറിയുകയായിരുന്നു. പഠിപ്പോ പണമോ പദവിയോ ഒന്നും തന്നെ ഒരാളെ നല്ല മനുഷ്യനാക്കുന്നില്ലെന്ന് ഉമ അസന്ദിഗ്ധമായി പറയുന്നു. നേട്ടങ്ങളെല്ലാം പാടേ മടുപ്പിക്കുന്ന ഒരു നിമിഷത്തിലേ മനുഷ്യ ജീവിതത്തിന്റെ വില തിരിച്ചറിയുകയുള്ളൂ. കാമ്പസ്സിൽ നിന്നും പുറത്താക്കപ്പെട്ട ഇല്യാസിനെ കണ്ടുപിടിച്ചാൽ മടുപ്പിന്റെ ഉത്തരം നിങ്ങൾക്കു കിട്ടുമെന്നു പറയുമ്പോൾ ജീവിതത്തിന്റെ സ്വച്ഛതയും സമാധാനവും സംനസ്സുമാണ് അതിജീവനത്തിന്റെ നേരനുഭവമെന്ന ചിന്തയെ ബലപ്പെടുത്തുകയാണ്. മറ്റൊന്നും അതിനു പകരമാവില്ല. ഒരുപറ്റമാടുകളെ മേയ്ച്ച് കുന്നിൻ പുറത്തെ പുൽപ്പരപ്പിൽ മയങ്ങുന്ന ആട്ടിടയനെ ഓർക്കുമ്പോൾ താൻ തനിച്ചല്ല എന്ന് ഉമ മനസ്സിലാക്കുന്നുണ്ട്. മനുഷ്യനെക്കുറിച്ചും മനുഷ്യത്വത്തെക്കുറിച്ചും ഇത്തരം കാമ്പസുകൾ പഠിപ്പിക്കുന്നില്ല. അതിന്റെ മടുപ്പിക്കുന്ന അന്യവൽക്കരണത്തിൽ നിന്നു പുറത്തു കടക്കുന്നവരാണ് മറ്റൊരാളെ തിരിച്ചറിയുന്ന യഥാർത്ഥ മനുഷ്യരായി മാറുന്നത്. എല്ലാ അതിരുകളെയും ഭേദിച്ചുകൊണ്ട് മനുഷ്യത്വത്തിന്റെ വഴിതെളിക്കാൻ കാമ്പസ്സുകളിലേക്ക് വില്ലുവണ്ടി തെളിക്കേണ്ടതിന്റെ അനിവാര്യതയാണ് കഥ മുന്നോട്ടുവെയ്ക്കുന്ന ആശയം. എല്ലാ തരത്തിലുള്ള വിവേചനങ്ങളും അസമത്വങ്ങളും അഴിഞ്ഞു വീണ കാമ്പസുകൾ ഊഷ്മളമാകേണ്ടതിന്റെയും മനുഷ്യ മുഖരിതമാകേണ്ടതിന്റെയും പൊരുളാണ് ഈ കഥ പകരുന്ന ഊർജ്ജം.

മൂന്നു കഥകളും പങ്കുവെയ്ക്കുന്ന സമാനമായ ഒരാശയമുണ്ട്. അത് എഴുത്തുകാരുടെ ആധി കൂടിയാണ്. ഉന്നതവിദ്യാഭ്യാസം നേടി ധാർമ്മികമായ ഉത്തരവാദിത്തമുള്ള തൊഴിലുകളിൽ വ്യാപരിക്കുന്ന പുരോഗമനോ•ുഖമായ മനസ്സുകളിലാണ് മനുഷ്യ വിവേചനത്തിന്റെ വേരുകൾ ആഴത്തിൽ ഓടിയിട്ടുള്ളത്. നീതി സംരക്ഷകരായ വക്കീല•ാർ, ജീവന്റെ സംരക്ഷകരായ ഡോക്ടർമാർ, സമത്വത്തിന്റെ പാഠങ്ങൾ നൽകേണ്ട മാനേജ്മെന്റ് വിദഗ്ധർ തുടങ്ങി അറിവിന്റെ ഉന്നത പാഠമുൾക്കൊണ്ട് കാമ്പസിനു പുറത്തിറങ്ങുമ്പോൾ എത്ര സങ്കുചിതമായാണ് അവർ ജീവിതത്തെ നേരിടുന്നത് എന്ന അന്വേഷണം പ്രസക്തമാണ്. പഠിപ്പും പണവും പദവിയുമെല്ലാം മനുഷ്യനാകേണ്ട ഉത്തരവാദിത്തത്തിൽ നിന്ന് അവരെ എത്ര ദൂരമാണ് അകറ്റി നിർത്തിയിരിക്കുന്നത്. അപ്പോൾ നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗത്ത് കാതലായ ചില മാറ്റങ്ങൾ അനിവാര്യമാകേണ്ടതുണ്ടെന്ന് അനുമാനിക്കാം. മനുഷ്യൻ എന്ന ജനുസ്സിലേക്ക് പരിവർത്തിപ്പിക്കുന്ന ധാർമ്മികമായ ചില പാഠങ്ങൾ കൂടി ഉൾക്കൊള്ളേണ്ടതുണ്ട്. അത് സിലബസിൽ ഉൾപ്പെടുത്തുക മാത്രമല്ല പ്രായോഗിക പാഠങ്ങളിലൂടെ വിലയിരുത്തേണ്ടതുമുണ്ട്. കാമ്പസുകളിൽ നിന്നു പുറത്തു വരുന്നത് മനുഷ്യരാണെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ചരിത്രഭൂതകാലത്തിന്റെ നടപ്പാതകളിൽ വീണുകിടന്ന ഇരുട്ടിനെ ഭേദിച്ച് മനുഷ്യ വിവേചനങ്ങളെ വിവേകം കൊണ്ടു പുറത്താക്കിയ ചരിത്രപുരുഷ•ാരുടെ ഓർമ്മകളെ ഈ കഥകൾ വീണ്ടെടുക്കുന്നുണ്ട്. അതിന്റെ നിറവിലാണ് മനുഷ്യ നീതിയും സമത്വവും നടപ്പാക്കേണ്ടതിന്റെ അനിവാര്യത കഥകളുടെ അനുഭവപാഠമായി സ്വീകരിച്ചിരിക്കുന്നത്.

*അസി. പ്രൊഫസർ, മലയാളവിഭാഗം, ശ്രീ നീലകണ്ഠ ഗവ.സംസ്കൃത കോളേജ്, പട്ടാമ്പി*